# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3298 — 14/03/2018-ൽ മറുപടിക്ക്

### ഊരുമിത്രം ആശ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായി ആരംഭിച്ച ഊരുമിത്രം ആശ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ആദിവാസി സമൂഹത്തിന് യോജിക്കുന്ന രീതിയിലുള്ള പ്രത്യേക ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാനുള്ള ശ്രമത്തിന്റെ ആദ്യ പടിയായാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17-ൽ ആരംഭിച്ചത്.<br>തങ്ങൾ സേവനം നൽകുന്ന അതേ സമൂഹത്തിൽ താമസിക്കുന്നവർ ആയത് കൊണ്ട് അവരുടെ തനത് സംസ്കാരം ഉൾക്കൊണ്ട് അവരുടെ ജീവിത രീതികൾക്ക് അനുയോജ്യമായ ആരോഗ്യ സന്ദേശങ്ങൾ സമൂഹത്തിൽ എത്തിക്കാനും അത്യാവശ്യ ഘട്ടങ്ങളിൽ വേണ്ട പ്രാഥമിക ആരോഗ്യ സേവനങ്ങൾ നൽകാനും ഊരുമിത്രങ്ങൾക്ക് സാധിക്കും. അതേ ഊരിലെ താമസക്കാർ എന്ന നിലയ്ക്ക് ആരോഗ്യ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കാൻ ഇവർക്ക് സാധിക്കും എന്നതും പൊതുവേ അന്യരോട് അകന്ന് നിൽക്കാൻ ശ്രമിക്കുന്ന ആദിവാസി സമൂഹത്തിന് അവരിൽ ഒരാൾ തന്നെ നൽകുന്ന സേവനങ്ങൾ കൂടുതൽ സ്വീകാര്യമാകും എന്നതുമാണ് ഈ പദ്ധതിയുടെ സുവർണ്ണ രേഖ.<br>നിശ്ചിത ഗോത്ര വർഗ്ഗ കോളനികളിൽ സ്ഥിര താമസക്കാരായ സ്ത്രീകളെ ആ കോളനിയിലെ അംഗങ്ങൾ തന്നെ തിരഞ്ഞെടുക്കുകയും തീവ്ര പരിശീലനത്തിലൂടെ അവരെ ആരോഗ്യ പ്രവർത്തകരായി മാറ്റുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ. ജെഎച്ച്.ഐ |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ വർക്കർ ആശാ ട്രൈബൽ പ്രമോട്ടർ അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരു കൂട്ടത്തിൽ വച്ച് താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് രണ്ട് പേരിൽ നിന്നും ദ്വിദിന പരിശീലന/തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തിരഞ്ഞെടുക്കുന്നു.<br>**മാനദണ്ഡങ്ങൾ**<br>▪ അതേ ഗോത്രത്തിൽ പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയുമായിരിക്കണം<br>▪ എഴുത്തും വായനയും അറിഞ്ഞിരിക്കണം.<br>▪ സന്നദ്ധ സേവന തൽപരയായിരിക്കണം.<br>▪ വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം. |
| ബി) | ഓരോ പ്രദേശത്തും ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് ആരാണെന്നും രോഗികൾക്ക് ചികിത്സയും മരുന്നും എത്തിക്കുന്നതിന് ടി പദ്ധതി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ? | ബി) | അതാത് പ്രദേശത്തെ ജെ.പി.എച്ച്.എൻ മുഖാന്തിരം മെഡിക്കലാഫീസറുടെ കീഴിലാണ് ഊരുമിത്രം പ്രവർത്തിക്കുക. ഈ പദ്ധതി ജില്ലാ ആർ.സി.എച്ച് ഓഫീസറുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്.<br>ഊരു തലത്തിൽ ഊരു വികസന സമിതിയും പഞ്ചായത്തിൽ പഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റിയിലും ഈ പദ്ധതി അവലോകനം ചെയ്യാനാണ് വിഭാവനം ചെയ്തത്.<br>ആദ്യഘട്ട പരിശീലനം ആണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. രണ്ടാം ഘട്ട പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ഹോം ബേസ്ഡ് ന്യൂ ബോൺ കെയർ (HBNC KIT) ലഭ്യമാക്കാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ